പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ കേരളത്തിന്റെ വിഹിതം

*24 [T407] *ശ്രീ. മത്തായി ചാക്കോ:*

ഡോ. തോമസ് ഐസക്:

ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ അവാർഡിന്റെ വിശദാംശം വെളിപ്പെടുത്തുമോ: ഇത് കേരളത്തിന് ഗുണകരമാണോ;

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് കേരളത്തിനുള്ള വിഹിതം എത്ര ശതമാനമായിരുന്നു; എന്ത് തുകയുടെ നഷ്ടമാണ് സംഭവിച്ചതെന്ന് പറയാമോ;

(ഡി) പ്രസ്തുത നഷ്ടം നികത്തിത്തരണമെന്ന് പന്ത്രണ്ടാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിന്റെ വിഹിതം എത്രയാണ്;

(എഫ്) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിനുണ്ടായ നഷ്ടം നികത്തിത്തരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ഉണ്ട്.

(ബി) & (സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ പ്രധാനനിർദ്ദേശങ്ങൾ (കേരളത്തെ ബാധിക്കുന്നവ) അനുബന്ധമായി കൊടുത്തിരിക്കുന്നു.† കേന്ദ്രത്തിൽ നിന്നും നികുതിവിഭവ കൈമാറ്റത്തിന്റെ 3.057% ആണ് കേരളത്തിന് ലഭിച്ചത്. പത്താം ധനകാര്യകമ്മീഷനെ അപേക്ഷിച്ച് പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ മൂവായിരത്തിലധികം കോടി രൂപയുടെ കുറവു വന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) ഭരണഘടന അനുസരിച്ച് നൽകുന്ന ഒരു ശുപാർശയായതിനാൽ അത് കേന്ദ്ര സർക്കാർ അംഗീകരിച്ചുകഴിഞ്ഞാൽ അതിൽ മാറ്റം വരുത്തുവാൻ കേന്ദ്ര സർക്കാരിന് സാധിക്കുകയില്ല. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചതിലൂടെ കേരളത്തിന്റെ വരുമാനത്തിലുണ്ടായ കുറവ് മറ്റ് വിധത്തിലും, പന്ത്രണ്ടാം ധനകാര്യ കമ്മീഷനിലൂടെയും നികത്തിത്തരണമെന്ന് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

"T" മാറ്റിവയ്ക്കപ്പെട്ട ചോദ്യം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2.665% ആണ്.

(എഫ്) ഉപചോദ്യം (ഡി) യുടെ മറുപടി കാണുക.

"പോലീസ് സേനയ്ക്ക് ട്രെയിനിംഗ് അക്കാദമി"

*25 [408] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

,, *തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ അംഗബലം കൂട്ടാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി ട്രെയിനിംഗ് അക്കാദമികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(സി) എങ്കിൽ എല്ലാ ജില്ലകളിലും ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടോയെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) പോലീസ് സേനയുടെ അംഗബലം കൂട്ടാൻ പ്രത്യേക പദ്ധതി ഇല്ല. എന്നാൽ പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള ആദ്യപടി എന്നനിലയ്ക്ക് ഭരണനവീകരണപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമയമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് സ്റ്റാഫ് സട്രെങ്ത് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) & (സി) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ പരിശീലനം ആധുനികവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി 1-1-1996-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 1/96/ആഭ്യന്തരം പ്രകാരം തൃശ്ശൂർ ജില്ലയിലെ രാമവർമ്മപുരത്ത് പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പോലീസ് അക്കാദമിയുടെ പണി ആരംഭിച്ച് 29-5-2004-ൽ പണി പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ അക്കാദമിയിൽ 2005 മേയ് മാസത്തോടുകൂടി 2000 പേർക്ക് ഒരേസമയം പരിശീലനം നൽകാൻ കഴിയുന്നതാണ്. ഇതുകൂടാതെ കേരളത്തിൽ നിലവിലുള്ള ഏഴു ബറ്റാലിയനുകളിലും പോലീസ് സേനാംഗങ്ങൾക്ക് ഇപ്പോൾ പരിശീലനം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly